## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **2019** 11.6.2018- ൽ മറുപടിയ്ക്ക്

## ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ലോക കേരള സഭയുടെ രൂപീകരണത്തിനുശേഷം എന്തൊക്കെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) ലോക കേരള സഭയിൽ നടന്ന ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി 23.04.2018-ാം തീയതിയിലെ സ. ഉ (സാധാ)നം. 290/2018/നോർക്ക പ്രകാരം രൂപീകരിച്ച 7 വിഷയ മേഖല സ്റ്റാൻറിംഗ് കമ്മിറ്റികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><u>കമ്മിറ്റി 1</u>- കേരള വികസന നിധി രൂപീകരണവും നടത്തിപ്പും, ലോക കേരള സഭാ തുടർ സമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും എന്നിവയ്ക്കുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.<br><u>കമ്മിറ്റി 2</u>- പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിനു സുരക്ഷയൊരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം<br><u>കമ്മിറ്റി 3</u>- പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം<br><u>കമ്മിറ്റി 4</u>- മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതയിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള |

| | | | |
|---|---|---|---|
| | | | വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിനു തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പ വരുത്തുന്നതിനുള്ള നയരൂപീകരണം<br>കമ്മിറ്റി 5- പ്രവാസ സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കാനും അതോടൊപ്പം വനിതാ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി കുടിയേറ്റ നിയമരൂപീകരണത്തിന് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടു വരേണ്ട വിഷയങ്ങൾ<br>കമ്മിറ്റി 6- കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്ത് വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം<br>കമ്മിറ്റി 7- ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്കു കുടിയേറിയ കേരളീയരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെയും അതാത് സംസ്ഥാന സർക്കാരുകളുടെയും ശ്രദ്ധയിൽ കൊണ്ട് വന്ന് പരിഹരിക്കുന്നതിനുള്ള സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ക്രോഡീകരിക്കുക. |
| ബി) | ലോക കേരള സഭ സമ്മേളന തീരുമാന പ്രകാരമുള്ള പ്രവാസി വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. 5 ലോക മേഖലകൾക്കും ഓരോ ചേംബറുകൾ ഉണ്ടാക്കാനാണ് തീരുമാനം. ഇതിനായി ഒരു പ്രത്യേക പോർട്ടൽ രൂപ കൽപ്പന ചെയ്യാനും താല്പര്യമുള്ളവരെ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടാനും ഇത്തരത്തിൽ |

| | |
|---|---|
| | രൂപം കൊടുക്കുന്ന ചേമ്പറുകൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്ന ചേംബർ ഓഫ് കൊമേഴ്സുമായി ആശയവിനിമയം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കാനും ഉദ്ദേശിക്കുന്നു. വിദേശരാജ്യങ്ങളിൽ ചേംബർ ഓഫ് കൊമേഴ്സ് രൂപീകരിക്കുന്നതിനുള്ള നിയമ വശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) കേരള വികസന നിധി രൂപീകരണം ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | സി) നിർദ്ദേശം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ